II മൈനർ വകുപ്പ്

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക ലക്ഷത്തിൽ	നിലവിലെ സ്ഥിതി
	2011-12		
1	കായംകുളം മുനിസിപ്പാലിറ്റിയിൽ 34-ാം വാർഡിൽ കന്നയ്യൽ കിഴക്കുഭാഗം മുതൽ കമ്മ്യൂണിറ്റി ഹാളിന് തെക്കുവശം വരെയുള്ള ഓട നിർമ്മാണം	12.25	പ്രവൃത്തി പൂർത്തീകരിച്ചു
	2012-13		
1	കായംകുളം മുനിസിപ്പാലിറ്റിയിൽ 4-ാം വാർഡിൽ കോട്ടയത്ത് തോടിന്റെ സംരക്ഷണ പ്രവൃത്തി	12.18	പ്രവൃത്തി പൂർത്തീകരിച്ചു
	2013-14: ഇല്ല		
	2014-15		
1	മുതുകുളം പഞ്ചായത്തിലെ ചക്കുകുളങ്ങര പാടശേഖരം തോടിന് സംരക്ഷണഭിത്തിയും കവറിംഗ് സ്ലാബും നിർമ്മാണം	8.40	ടെണ്ടർ ചെയ്തു പ്രതികരണം ഉണ്ടായില്ല

കേരള ജല അതോറിറ്റി

കായംകുളം മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

പൊഴിക്കര റെഗുലേറ്റർ പദ്ധതി

190 (855) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് തയ്യാറാക്കിയ പൊഴിക്കര റെഗുലേറ്റർ പദ്ധതി ഏത് വർഷത്തിലാണ് പ്രൊപ്പോസ് ചെയ്തത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടക്കത്തിൽ ഈ പ്രവൃത്തികളുടെ അടങ്കൽ തുക എത്രയായിരുന്നു ; പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണ് ; പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ഈ പദ്ധതി തയ്യാറാക്കുമ്പോൾ പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നിവയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ ; കാസർഗോട്ടെ ഏറ്റവും പ്രധാനപ്പെട്ട പ്രസ്തുത പദ്ധതി പാതി വഴിയിൽ ആയത് ആരുടെ ഭാഗത്തുള്ള വീഴ്ച കൊണ്ടാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പുനരാരംഭിച്ച് എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ജലസേചന വകുപ്പിന്റെ പരിധിയിൽ പൊഴിക്കര റെഗുലേറ്റർ പദ്ധതിയില്ല.

അയിരൂർ -കാഞ്ഞീറ്റുകര പദ്ധതിയുടെ നിർമ്മാണം

191 (856) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിലെ അയിരൂർ-കാഞ്ഞീറ്റുകര പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ;

(ബി) ആദ്യഘട്ട നിർമ്മാണത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ; എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത് ;

(സി) ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ; കരാർപ്രകാരം എന്നത്തേക്ക് ഇവയുടെ നിർമ്മാണം പൂർത്തീകരിക്കും ;

(ഡി) ആകെ പ്രവൃത്തികളുടെ എത്ര ശതമാനം നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(ഇ) പ്രവൃത്തികൾക്ക് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ; അവ എന്തൊക്കെയാണ് ; അത് പരിഹരിക്കപ്പെട്ടോ ; സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly